**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4696** **02-07-2024 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ ജലജീവൻ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിലെ ജലജീവൻ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി കുഴിച്ചതും തദ്ദേശസ്വയംഭരണ വകുപ്പുമുഖേന പൂർത്തീകരിക്കുന്നതിന് ധനാനുമതി നൽകിയതുമായ റോഡുകളുടെ പുനരുദ്ധാരണ തുക നന്നമ്പ്ര പഞ്ചായത്തിലേക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | കേരളത്തിലെ ജല ജീവൻ മിഷൻ ഡയറക്ടറുടെ 08.01.2024 – ലെ KWA-JB/164/2024-AE 20 നമ്പർ സർക്കുലർ പ്രകാരം പഞ്ചായത്തിലെ റോഡുകളുടെ പുനരുദ്ധാരണം പൂർത്തിയാകുന്ന മുറക്ക് പ്രവൃത്തിക്കാവശ്യമായ തുക ജല ജീവൻ മിഷന്റെ ഫണ്ട് ലഭ്യതക്കനുസരിച്ച് മുൻഗണനാ ക്രമത്തിൽ കരാറുകാരന് നേരിട്ട് അനുവദിച്ചു നൽകുന്നതാണ്. |
| (ബി) | തുക ഡെപ്പോസിറ്റ് ചെയ്യുന്നില്ലെങ്കിൽ, പുനരുദ്ധാരണ പ്രവൃത്തികളുടെ നിർവഹണം ഏത് രൂപത്തിൽ നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ബി) | നന്നമ്പ്ര പഞ്ചായത്തിലേക്ക് നൽകിയ ധനാനുമതി പ്രകാരമുള്ള തുകക്ക് 08.01.2024 – ലെ KWA-JB/164/2024-AE 20 നമ്പർ സർക്കുലറിൽ പറഞ്ഞ മാനദണ്ഡങ്ങൾക്കനുസരിച്ച് പഞ്ചായത്തിന് റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് കരാർ നൽകാവുന്നതാണ്. പ്രസ്തുത കരാറുകാരെ വാട്ടർ അതോറിറ്റി മുഖേന ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ ധന വിനിയോഗം നടത്തുന്ന PFMS പോർട്ടലിൽ വെണ്ടർ ആയി ചേർത്ത് പ്രവൃത്തിയുടെ ബില്ലുകൾ സമർപ്പിക്കാവുന്നതാണ്. ജൽ ജീവൻ മിഷന്റെ ഫണ്ട് ലഭ്യതക്കനുസരിച്ച് മുൻഗണനാ ക്രമത്തിൽ ബിൽ തുക കരാറുകാരന് നേരിട്ട് അനുവദിച്ചു നൽകുന്നതാണ്. |
| (സി) | ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന ജലജീവൻ കുടിവെള്ള പദ്ധതിയുടെ നിർവഹണം നടത്തേണ്ടത് പഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുന്നത് പ്രകാരമായിരിക്കണം എന്നാണോ നിർദേശത്തിൽ പറയുന്നത്; വിശദമാക്കാമോ; ഇക്കാര്യം പഞ്ചായത്ത് ഭരണസമിതികളെ അറിയിച്ചിരുന്നോ; വിശദമാക്കാമോ; | (സി) | ജല ജീവൻ മിഷൻ പദ്ധതി , തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അംഗീകരിച്ചതിന് ശേഷം ജില്ലാ വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകൾ അംഗീകരിച്ച് സംസ്ഥാന വാട്ടർ വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷന്റെ അംഗീകാരത്തോടെയാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. നിർവഹണ ഏജൻസിയെ അംഗീകരിക്കുന്നത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടെ കേരള വാട്ടർ അതോറിറ്റി,ജലനിധി,ഗ്രൗണ്ട് വാട്ടർ വകുപ്പ് എന്നീ ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| | | | ഈ വിവരങ്ങൾ പഞ്ചായത്ത് ഭരണസമിതികളെ ഗൈഡ് ലൈൻ നൽകി അറിയിച്ചിരുന്നു. |
| (ഡി) | എങ്കിൽ നന്നമ്പ്ര പഞ്ചായത്തിലെ ഗ്രാമീണറോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി തദ്ദേശസ്വയംഭരണ വകുപ്പുമുഖേന പൂർത്തീകരിക്കണമെന്നും പ്രസ്തുത പ്രവൃത്തികളുടെ തുക പഞ്ചായത്തിലേക്ക് ഡെപ്പോസിറ്റ് ചെയ്യണമെന്നും നന്നമ്പ്ര പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുക്കുകയും പ്രസ്തുത തീരുമാനം ഉള്ളടക്കം ചെയ്ത് ഗ്രാമപഞ്ചായത്തും മണ്ഡലം എം.എൽ.എ.യും കത്ത് നൽകിയിട്ടും പ്രസ്തുത തുക പഞ്ചായത്തിലേക്ക് ഡെപ്പോസിറ്റ് ചെയ്യാത്തതിന്റെ കാരണം വിശദമാക്കാമോ; | (ഡി) | ജല ജീവൻ മിഷൻ പദ്ധതികൾക്കു നിർമാണ പുരോഗതി പ്രകാരം ബില്ലുകൾ തയാറാക്കി ബിൽ തുക കരാറുകാർക് നൽകുന്ന രീതിയാണുള്ളത് .ഇത് പ്രകാരം ജല ജീവൻ പദ്ധതി മിഷൻ ഡയറക്ടറുടെ 08.01.2024 ലെ KWA-JB/164/2024-AE 20 നമ്പർ സർക്കുലർ പ്രകാരം പഞ്ചായത്തിലെ റോഡുകളുടെ പുനരുദ്ധാരണം പൂർത്തിയാകുന്ന മുറക്ക് പ്രവൃത്തിക്കാവശ്യമായ തുക ജല ജീവൻ മിഷന്റെ ഫണ്ട് ലഭ്യതക്കനുസരിച്ചു മുൻഗണനാക്രമത്തിൽ കരാറുകാരന് നേരിട്ട് അനുവദിച്ചു നൽകുന്നതാണ്.<br><br>08.01.2024 ലെ സർക്കുലർ പ്രകാരം റോഡ് റെസ്റ്റോറേഷനുള്ള തുക പഞ്ചായത്തിന് കൈമാറുവാൻ സാധിക്കില്ലായെന്നു 18.03.2024 ന് പഞ്ചായത്തിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത തുക പഞ്ചായത്തിലേക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | ജല ജീവൻ മിഷൻ പദ്ധതികൾക്കു നിർമാണ പുരോഗതി പ്രകാരം ബില്ലുകൾ തയാറാക്കി ബിൽ തുക കരാറുകാർക് നൽകുന്ന രീതിയാണുള്ളത് .ഇത് പ്രകാരം ജല ജീവൻ പദ്ധതി മിഷൻ ഡയറക്ടറുടെ 08.01.2024 ലെ KWA-JB/164/2024-AE 20 നമ്പർ സർക്കുലർ പ്രകാരം പഞ്ചായത്തിലെ റോഡുകളുടെ പുനരുദ്ധാരണം പൂർത്തിയാകുന്ന മുറക്ക് പ്രവൃത്തിക്കാവശ്യമായ തുക ജല ജീവൻ മിഷന്റെ ഫണ്ട് ലഭ്യതക്കനുസരിച്ചു മുൻഗണനാക്രമത്തിൽ കരാറുകാരന് നേരിട്ട് അനുവദിച്ചു നൽകുന്നതാണ്.<br><br>08.01.2024 ലെ സർക്കുലർ പ്രകാരം റോഡ് റെസ്റ്റോറേഷനുള്ള തുക പഞ്ചായത്തിന് കൈമാറുവാൻ സാധിക്കില്ലായെന്നു 18.03.2024 ന് പഞ്ചായത്തിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ